മാതൃഭൂമി

30 May 2019

# ഉയർന്ന രക്തസമ്മർദം ചെറുക്കാനുള്ള ഉത്പന്നവുമായി സി.എം.എഫ്.ആർ.ഐ.

**കൊച്ചി** ▸ ഉയർന്ന രക്തസമ്മർദം കുറയ്ക്കുന്നതിന് കടൽപായലിൽ നിന്ന് പ്രകൃതിദത്ത ഉത്പന്നവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.).

ഇന്ത്യൻ കടലുകളിൽ സാധാരണയായി കണ്ടുവരുന്ന കടൽപായലുകളിൽ അടങ്ങിയിരിക്കുന്ന ബയോ ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് കടൽമീൻ ആന്റി ഹൈപ്പർടെൻസീവ് എക്സ്ട്രാക്ട് എന്ന ഉത്പന്നം സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ചത്.

400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സൂളുകൾക്ക് യാതൊരു പാർശ്വഫലങ്ങളുമില്ലെന്ന് പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണെന്ന് ഇത് വികസിപ്പിച്ചെടുത്ത സി.എം.എഫ്.ആർ.ഐ.യിലെ സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തി പറഞ്ഞു. സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ചടങ്ങിൽ കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) ഡയറക്ടർ ജനറലുമായ ഡോ. ത്രിലോചൻ മൊഹാപത്ര ഉത്പന്നം പുറത്തിറക്കി. ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ സംസാരിച്ചു.



▶ ഉയർന്ന രക്തസമ്മർദം ചെറുക്കുന്നതിന് സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ച കടൽമീൻ ആന്റി ഹൈപ്പർടെൻസീവ് എക്സ്ട്രാക്ട്